**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5247** **14-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ സർവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവേ പദ്ധതി കണ്ണൂർ ജില്ലയിൽ ഏതൊക്കെ വില്ലേജുകളിൽ ആരംഭിച്ചിട്ടുണ്ട് എന്ന് താലൂക്ക് തിരിച്ച് വിശദമാക്കാമോ; | (എ) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ 14 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 14 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി വില്ലേജുകളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>ക്രമ നമ്പർ / താലൂക്ക് / വില്ലേജ്:<br>1 / ഇരിട്ടി / വിളമന<br>2 / ഇരിട്ടി / കണിച്ചാർ<br>3 / ഇരിട്ടി / ആറളം<br>4 / ഇരിട്ടി / ചാവശ്ശേരി<br>5 / ഇരിട്ടി / കരിക്കോട്ടക്കരി<br>6 / കണ്ണൂർ / കണ്ണൂർ 1<br>7 / കണ്ണൂർ / കണ്ണൂർ 2<br>8 / കണ്ണൂർ / പള്ളിക്കുന്ന്<br>9 / കണ്ണൂർ / എളയാവൂർ<br>10 / കണ്ണൂർ / പുഴാതി<br>11 / കണ്ണൂർ / വളപട്ടണം<br>12 / കണ്ണൂർ / അഴിക്കോട് സൗത്ത്<br>13 / തലശ്ശേരി / കോട്ടയം<br>14 / തലശ്ശേരി / തലശ്ശേരി |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 |

| | | | |
|---|---|---|---|
| | | | വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ അഞ്ചര മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. ടി പദ്ധതിയിൽ 70 ശതമാനം CORS and RTK ഉപയോഗിച്ചും 10 ശതമാനം DRONE and LIDAR ടെക്നോളജി ഉപയോഗിച്ചും 20 ശതമാനം RETS ഉപയോഗിച്ചും സർവ്വെ ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ